ഓവർഡ്രാഫ്റ്റ്

*41 [45] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
ശ്രീമതി കെ. ആർ. ഗൗരി:
ശ്രീ. വർക്കല രാധാകൃഷ്ണൻ:
,, ഒ. ഭരതൻ:
,, സി. കെ. ചക്രപാണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ഇപ്പോഴും സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പ്രതിസന്ധിക്ക് കാരണമെന്താണെന്ന് വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് ഗവൺമെന്റ് എന്തെല്ലാം നടപടികളും സ്വീകരിച്ചിട്ടുണ്ട്;

(ഡി) 1985 ജൂൺ 30, ജൂലായ് 31, ആഗസ്റ്റ് 15 എന്നീ തീയതികളിൽ സംസ്ഥാനത്ത് ഓവർഡ്രാഫ്റ്റ് എത്രയായിരുന്നു;

(ഇ) സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള ഓവർഡ്രാഫ്റ്റ് എത്ര;

(എഫ്) ഓവർഡ്രാഫ്റ്റ് സംബന്ധിച്ച് കേന്ദ്രം നിശ്ചയിച്ചിട്ടുള്ള പരിധി കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്തെല്ലാം ദിവസങ്ങളിൽ കവിഞ്ഞിട്ടുണ്ട്; എത്ര കോടി രൂപ വീതം ഈ ഓരോ ദിവസവും അധിക ഓവർഡ്രാഫ്റ്റ് ഉണ്ടായിട്ടുണ്ട്;

(ജി) പരിധിയും കാലയളവും കവിഞ്ഞ കാരണത്താൽ റിസർവ് ബാങ്ക് പേമെന്റ് നിർത്തിവയ്ക്കുകയുണ്ടായോ;

(എച്ച്) ഓവർഡ്രാഫ്റ്റ് സംബന്ധിച്ച് കേന്ദ്രഗവൺമെന്റിൽ നിന്നും അവസാനമായി ലഭിച്ചിട്ടുള്ള നിർദ്ദേശം എന്താണെന്ന് വ്യക്തമാക്കാമോ?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) സംസ്ഥാന ഗവൺമെന്റ് സാമ്പത്തിക പ്രയാസങ്ങൾ നേരിടുന്നെങ്കിലും പ്രതിസന്ധിയൊന്നും ഇല്ല.

(ബി) സംസ്ഥാനത്തിന്റെ വിഭവശേഷിക്ക് അതീതമായ പദ്ധതി ചെലവും കൂടെക്കൂടെയുള്ള കൃഷ്ണമബത്താ വർദ്ധനയും അനുദിന ഭരണരംഗത്തുണ്ടാകുന്ന റവന്യൂ കമ്മി നികത്തുവാൻ സഹായകരമായ അവാർഡ് എട്ടാം ധനകാര്യക്കമ്മീഷനിൽനിന്നും ലഭിക്കാതെ പോയതുമാണ് പ്രധാന കാരണം.

(സി) ചെലവ് ചുരുക്കിയും നികുതി വരുമാനം വർദ്ധിപ്പിച്ചും കൊണ്ട് സാമ്പത്തിക പ്രയാസങ്ങൾ ദൂരീകരിക്കുന്നതിന് ഗവൺമെന്റ് ശ്രമിച്ചിട്ടുണ്ട്. എട്ടാം ധനകാര്യ കമ്മീഷന്റെ അവാർഡിന്റെ ഫലമായി കേരളം അനുഭവിക്കുന്ന ബുദ്ധിമുട്ടിൽ സംസ്ഥാനത്തെ സഹായിക്കണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 30.6.1985—ഇല്ല.

31.7.1985—155.40 കോടി രൂപ.

15.8.1985—115.02 കോടി രൂപ.

(ഇ) 30 കോടി രൂപയുടെ പരിധി കഴിഞ്ഞാൽ ഓവർഡ്രാഫ്റ്റ് ഉണ്ടാകുന്നതാണ്. അപ്രകാരം ഉണ്ടാകുന്ന ഓവർഡ്രാഫ്റ്റ് ഏഴ് ദിവസത്തിനകം ഇല്ലായ്മ ചെയ്തുകൊള്ളണമെന്നാണ് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ നിബന്ധന.

(എഫ്) 1984-85 വർഷാരംഭം 45.05 കോടി രൂപയുടെ ഓവർഡ്രാഫ്റ്റ് ഉണ്ടായിരുന്നു. തുടർന്നു 1984 ജൂൺ 28-ാം തീയതിവരെ ഓവർഡ്രാഫ്റ്റിലായിരുന്നു. അതിനുശേഷം ജൂലായ് 4 വരെ ഓവർഡ്രാഫ്റ്റ് ഉണ്ടായിരുന്നില്ല. പിന്നീട് ജൂലായ് 13, 14 തീയതികളൊഴികെ ഓവർഡ്രാഫ്റ്റ് നിലനിന്നു.

(ജി) ഇല്ല.

(എച്ച്) 1985 ഒക്ടോബർ 2-ാം തീയതി മുതൽ ഓവർഡ്രാഫ്റ്റ് പാടില്ലെന്നും ഓവർഡ്രാഫ്റ്റ് ഉണ്ടായാൽ ഏഴ് ദിവസത്തിനകം അടച്ചു തീർക്കണമെന്നുമാണ് കേന്ദ്രത്തിൽനിന്ന് അവസാനമായി ലഭിച്ച നിർദ്ദേശം.

പൊതുമരാമത്ത് ഇറിഗേഷൻ വകുപ്പുകളുടെ വിഭജനം

*42 [46] ശ്രീ. കെ. ടി. കണാരൻ:
,, വി. കെ. രാജൻ:
,, കെ. വി. സുരേന്ദ്രനാഥ്:
,, പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്തുവകുപ്പും ഇറിഗേഷൻ വകുപ്പും വിഭജിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നുമുതൽ പ്രത്യേക വിഭാഗമായി പ്രവർത്തിക്കും;

(സി) വിഭജനാനന്തരം ഇവ കോർപ്പറേഷനുകളാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ):

(എ) നിലവിലുള്ള പൊതുമരാമത്തുവകുപ്പും ഇറിഗേഷൻ വകുപ്പും പുനഃസംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) വകുപ്പുകളുടെ പുനഃസംഘടന ഉടനെ നടപ്പിലാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly